# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

02.11.2016 - ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 5521

### കയർ മേഖലയുടെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| എ) കയർ മേഖലയുടെ പുരോഗതിക്ക് തടസ്സം നിൽക്കുന്ന പ്രധാന ഘടകങ്ങൾ കണ്ടെത്താൻ പഠനം നടത്തിയിട്ടുണ്ടോ; | എ)കയർ മേഖലയെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി നിലവിൽ കയർ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിലെ നിർദ്ദേശം നടപ്പിലാക്കിവരുന്നുണ്ട്. |
| ബി) സംയോജിത സമീപനത്തിന്റെ അഭാവത്തിൽ ആണ് ഈ മേഖല അവഗണിക്കപ്പെടുന്നതെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി)<br>കയർ വ്യവസായത്തിന്റെ രണ്ടാം പുന:സംഘടനയിലൂടെ മാത്രമേ ഈ മേഖലയെ രക്ഷിക്കാനാകൂ. കയർ വ്യവസായത്തിൽ എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കി യന്ത്രവത്ക്കരണം നടപ്പിലാക്കും. എന്നാൽ നിലവിലെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കില്ലെന്ന് സർക്കാർ ഉറപ്പാക്കും. ഇതിനായി കയർഫെഡ് വഴി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പാക്കി സംഭരിക്കും. ഈ കയർ കൊണ്ട് ഉൽപ്പന്നങ്ങൾ നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം കയർ കോർപ്പറേഷൻ ക്രയവിലക്ക് സംഭരിക്കും. അവ റിബേറ്റ് നൽകി വിറ്റഴിക്കും. പുതിയ ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് 50% സബ്സിഡി, ഉൽപ്പന്നമേഖലയിലെ യന്ത്രവൽകൃത ഫാക്ടറികൾക്ക് കയർബോർഡ് സബ്സിഡിക്കു പുറമെ 10% അധിക സബ്സിഡി, പി.വി.സി. കയർ അവശിഷ്ടങ്ങളിൽ നിന്നും ബോർഡുകൾ നിർമ്മിക്കുന്നതിനു ഫാക്ടറി ഇവ |
| സി) ഉണ്ടെങ്കിൽ ആ രംഗത്ത് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നവീനവും ഫലപ്രദവുമായ നടപടികൾ വ്യക്തമാക്കുമോ? | |

| | |
|---|---|
| | യെല്ലാം നവീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ